compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഓഗസ്റ്റ് 19
Tuesday, 19th August 2025

1201 ചിങ്ങം 3
3rd Chingam 1201

1947 ശ്രാവണം 28
28th Sravana 1947

വാല്യം 14
Vol. XIV

നമ്പർ **33**
No.

Part III

Fisheries and Ports Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ/ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ദക്ഷിണ മേഖല) തിരുവനന്തപുരത്തിന്റെ നടപടിക്രമം

(ഹാജർ : ശ്രീ. സന്തോഷ് കുമാർ, എസ്.)

(1)

നമ്പർ JDFTVM/517/2025-F3. 2025 ജൂലൈ 29.

വിഷയം :—ഫിഷറീസ്—സഹകരണം—ശംഖുമുഖം മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം (ക്ലിപ്തം) നമ്പർ ഡി.എഫ്.(ടി)-15/92—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം :—(1) ഫിഷറീസ് ഡെവലപ്പ്മെന്റ് ഓഫീസർ തിരുവനന്തപുരം (HQ)-ന്റെ 22-10-2020-ലെ സമാപ്തീകരണ ശുപാർശ.

(2) ഈ ഓഫീസിലെ 8-8-2022 ലെ F3-1517/2020 നമ്പർ ഉത്തരവ്.

(3) ഫിഷറീസ് ഡെവലപ്പ്മെന്റ് ഓഫീസർ തിരുവനന്തപുരം (HQ)-ന്റെ 7-5-2025-ലെ FDO(HQ) TVM/April/25(2) നമ്പർ കത്ത്.

ഉത്തരവ്

ശംഖുമുഖം മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം (ക്ലിപ്തം) ഡി.എഫ്.(ടി)-15/92 നമ്പർ സംഘത്തിന് സ്വന്തമായോ വാടകയ്ക്കെടുത്തതോ ആയ ഒരു ഓഫീസിൽ, റിക്കാർഡുകളോ കണക്കുകളോ എഴുതി സൂക്ഷിച്ചിട്ടില്ല, ഇത് സംബന്ധിച്ച് യാതൊരുവിധ രേഖയും ലഭ്യമല്ല, സംഘം എവിടെയാണെന്ന് പോലും അറിയാൻ കഴിയുന്നില്ല . ടി സംഘത്തിന്റെ പേരിൽ യാതൊരുവിധ പ്രവർത്തനങ്ങളും നടത്തുന്നതായി അറിവില്ല. മേൽ കാരണങ്ങളാൽ സംഘത്തിന്റെ പ്രവർത്തനത്തെ സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് യൂണിറ്റ് ഇൻസ്പെക്ടറായ ഫിഷറി ഡെവലപ്പ്മെന്റ് ഓഫീസർ (എച്ച്.ക്യു), തിരുവനന്തപുരം പരാമർശം (1) പ്രകാരം ശുപാർശ ചെയ്തതിനെ തുടർന്ന് കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 71 പ്രകാരം ടി സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിന് മുന്നോടിയായിട്ടുള്ള നോട്ടീസ് നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട യാതൊരുവിധ ആക്ഷേപങ്ങളോ തടസ്സവാദങ്ങളോ ലഭിക്കാത്തതിനെ തുടർന്ന് വകുപ്പ് 71 പ്രകാരം സമാപ്തീകരിച്ചുകൊണ്ടും ഫിഷറി ഡെവലപ്പ്മെന്റ് ഓഫീസർ (എച്ച്.ക്യു) തിരുവനന്തപുരത്തിനെ ലിക്വിഡേറ്റർ ആയി നിയമിച്ചുകൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. ടി സംഘത്തിന് മത്സ്യഫെഡിൽ നിന്നോ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ യാതൊരു ബാധ്യതകളും ഇല്ലായെന്നും ടി സംഘവുമായി ബന്ധപ്പെട്ട് ആരിൽ നിന്നും ആക്ഷേപമോ വാദമുഖങ്ങളോ വിശദീകരണങ്ങളോ നാളിതുവരെ ലഭ്യമായിട്ടില്ലായെന്നും ലിക്വിഡേറ്റർ അന്തിമ സമാപ്തീകരണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പൂർണ്ണമായും പ്രവർത്തന രഹിതമായ ശംഖുമുഖം മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം (ക്ലിപ്തം) നമ്പർ ഡി.എഫ്. (ടി)-15/92 സംഘത്തിനെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2)

നമ്പർ JDFTVM/520/2025-F3. 2025 ജൂലൈ 18.

വിഷയം :—ഫിഷറീസ്—സഹകരണം—കണ്ണാന്തുറ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം (ക്ലിപ്തം) നമ്പർ ഡി.എഫ്. (ടി)-212—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം :—(1) ഫിഷറീസ് ഡെവലപ്പ്മെന്റ് ഓഫീസർ തിരുവനന്തപുരം (HQ)-ന്റെ 22-10-2020-ലെ സമാപ്തീകരണ ശുപാർശ.

(2) ഈ ഓഫീസിലെ 8-8-2022-ലെ F3-1530/2020 നമ്പർ ഉത്തരവ്.

(3) ഫിഷറീസ് ഡെവലപ്പ്മെന്റ് ഓഫീസർ തിരുവനന്തപുരം (HQ) 7-5-2025 FDO (HQ) TVM/April/25(1) നമ്പർ കത്ത്.

ഉത്തരവ്

കണ്ണാന്തുറ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം (ക്ലിപ്തം) ഡി.എഫ്.(ടി)-212 നമ്പർ സംഘത്തിന് സ്വന്തമായോ വാടകയ്ക്കെടുത്തതോ ആയ ഒരു ഓഫീസില്ല, റിക്കാർഡുകളോ കണക്കുകളോ എഴുതി സൂക്ഷിച്ചിട്ടില്ല, ഇത് സംബന്ധിച്ച് യാതൊരുവിധ രേഖയും ലഭ്യമല്ല, സംഘം എവിടെയാണെന്ന് പോലും അറിയാൻ കഴിയുന്നില്ല . ടി സംഘത്തിന്റെ പേരിൽ യാതൊരുവിധ പ്രവർത്തനങ്ങളും നടത്തുന്നതായി അറിവില്ല. മേൽ കാരണങ്ങളാൽ സംഘത്തിന്റെ പ്രവർത്തനത്തെ സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് യൂണിറ്റ് ഇൻസ്പെക്ടറായ ഫിഷറി ഡെവലപ്പ്മെന്റ് ഓഫീസർ (എച്ച്.ക്യു), തിരുവനന്തപുരം പരാമർശം (1) പ്രകാരം ശുപാർശ ചെയ്തതിനെ തുടർന്ന് കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 71 പ്രകാരം ടി സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിന് മുന്നോടിയായിട്ടുള്ള നോട്ടീസ് നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട യാതൊരുവിധ ആക്ഷേപങ്ങളോ തടസ്സവാദങ്ങളോ ലഭിക്കാത്തതിനെ തുടർന്ന് വകുപ്പ് 71 പ്രകാരം സമാപ്തീകരിച്ചുകൊണ്ടും ഫിഷറി ഡെവലപ്പ്മെന്റ് ഓഫീസർ (എച്ച്.ക്യൂ), തിരുവനന്തപുരത്തിനെ ലിക്വിഡേറ്റർ ആയി നിയമിച്ചുകൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. ടി സംഘത്തിന് മത്സ്യഫെഡിൽ നിന്നോ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ യാതൊരു ബാധ്യതകളും ഇല്ലായെന്നും ടി സംഘവുമായി ബന്ധപ്പെട്ട് ആരിൽ നിന്നും ആക്ഷേപമോ വാദമുഖങ്ങളോ വിശദീകരണങ്ങളോ നാളിതുവരെ ലഭ്യമായിട്ടില്ലായെന്നും ലിക്വിഡേറ്റർ അന്തിമ സമാപ്തീകരണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പൂർണ്ണമായും പ്രവർത്തന രഹിതമായ കണ്ണാന്തുറ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം (ക്ലിപ്തം) നമ്പർ ഡി.എഫ്. (ടി)-212 സംഘത്തിനെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ (ഒപ്പ്)
കാര്യാലയം, തിരുവനന്തപുരം. ഫിഷറീസ് ജോയിന്റ് ഡയറക്ടർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.19 03:08:32 +05:30